(ഡി) ടെക്നോപാർക്കിൽ സ്ഥലം വാടകയ്ക്കും പാട്ടത്തിനും എടുക്കുകയും പാട്ടക്കുടിശ്ശികയിനത്തിലും വാടകക്കുടിശ്ശികയിനത്തിലും പണം നൽകാനുമുള്ള സ്ഥാപനങ്ങളുടെ പട്ടികയും ഓരോ സ്ഥാപനങ്ങളും എത്ര തുക നൽകാനുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) ഇത്തരം സ്ഥാപനങ്ങളിൽനിന്നും പണം ഈടാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 333 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) വിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

(സി) മാസവാടകയ്ക്ക്.

(ഡി) വിവരം അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.*

(ഇ) കുടിശ്ശിക അടച്ചുതീർക്കുന്നതിന് തുടർച്ചയായി ആവശ്യപ്പെടുക, വിദ്യുച്ഛക്തി വിച്ഛേദിക്കുക,. റവന്യൂ റിക്കവറി, നിയമ നടപടി മുതലായവ സ്വീകരിച്ചുവരുന്നു.

ഇ-സംഭരണ സംവിധാനം

236 (4227) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-സംഭരണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ;

(സി) എന്തെല്ലാം ഗുണഫലങ്ങളാണ് പ്രസ്തുത സംവിധാനം വഴി വിവിധ വകുപ്പുകൾക്ക് ലഭ്യമാകുകയെന്ന് വ്യക്തമാക്കുമോ ;

(ഡി) ആരെല്ലാമാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 7-12-2011 മുതൽ സംസ്ഥാനത്ത് ഇ-സംഭരണ സംവിധാനം നിലവിൽ വന്നു. ഇപ്പോൾ 42-ഓളം ഡിപ്പാർട്ടുമെന്റുകളും 87-ഓളം പൊതുമേഖലാ സ്ഥാപനങ്ങളും ഈ സംവിധാനത്തിന് കീഴിൽ വന്നിട്ടുണ്ട്. ഇതിനോടകം 22,774 കോടി മൂല്യമുള്ള 27,092-ഓളം ഓൺലൈൻ ദർഘാസുകൾ പ്രസിദ്ധപ്പെടുത്തി. വിവിധ വകുപ്പുകളിലെ 6672-ൽ പരം ജീവനക്കാർക്ക് പരിശീലനം നൽകി കഴിഞ്ഞു. ഇതുവരെ 8217-ഓളം കരാറുകാർ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്തു.

(ബി&സി) വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാസ്ഥാപനങ്ങളുടെയും സംഭരണം ഒരു കുടക്കീഴിൽ കൊണ്ടുവരിക, കരാർ/ടെന്റർ പ്രക്രിയയുടെ സുതാര്യതയും ഉറന്ന മത്സരവും ടെണ്ടറുകളുടെ രഹസ്യ സ്വഭാവവും കാത്തുസൂക്ഷിക്കുക, ടെണ്ടർ നടപടികളിലെ കാലതാമസം ഒഴിവാക്കി സമയബന്ധിതമായി ടെണ്ടർ പ്രക്രിയ പൂർത്തീകരിക്കുക എന്നിവയാണ് ഇ-പ്രൊക്യൂർമെന്റ് /ഇ-പേയ്മെന്റ് എന്ന കടലാസ് രഹിത സംവിധാനത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. ദർഘാസ് പ്രമാണങ്ങൾ ഓൺലൈനിലൂടെ സമർപ്പിക്കുവാനുള്ള സൗകര്യം തെരഞ്ഞെടുക്കാത്ത കരാറുകാരുടെ നിരതദ്രവ്യം ഓൺലൈനിലൂടെ ഉടൻ മടക്കി നൽകുന്നതിനുള്ള സൗകര്യം ഏറ്റവും ചുരുങ്ങിയ ചെലവിൽ പരമാവധി വേഗത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ള സൗകര്യം, കരാറുകാർക്ക് ആരോഗ്യകരമായ ഉറന്ന മത്സരങ്ങൾക്കുള്ള സൗകര്യം, ദർഘാസ് വിവരങ്ങൾ എല്ലാവർക്കും ഒരുപോലെ ലഭിക്കുന്നതിനുള്ള സൗകര്യം എന്നിവ ഈ സംരംഭത്തിന്റെ മേന്മയാണ്. കൂടുതൽ കരാറുകാർക്ക് ഓരോ ദർഘാസിലും പങ്കെടുക്കുവാൻ കഴിയുന്നതിലൂടെ ആരോഗ്യകരമായ മത്സരം ഉണ്ടാകുകയും കറഞ്ഞ തുകയ്ക്ക് കരാർ ഉറപ്പിക്കുവാനും കടലാസുരഹിത സംവിധാനത്തിലൂടെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഭരണപരമായ ചെലവ് കറയ്ക്കുന്നതിനും ഈ സംവിധാനം സഹായിക്കുന്നു. കൂടാതെ കാലവിളംബമില്ലാതെ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ഇതുവഴി സാധിക്കുന്നു.

(ഡി) നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, എന്നിവരുടെ സഹകരണത്തോടെ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സാങ്കേതിക സഹായവും ജീവനക്കാർക്കും കരാറുകാർക്കുമുള്ള പരിശീലനവും നൽകുന്ന ചുമതല ഐ.റ്റി.മിഷനാണ്. ഇതിനുവേണ്ടി ഐ.റ്റി.മിഷന്റെ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റും ഇ-പ്രൊക്യൂർമെന്റ് സെല്ലും ഹെൽപ്പ് ഡെസ്കും തിരുവനന്തപുരത്തും എറണാകുളത്തും കണ്ണൂരും പ്രവർത്തിച്ചുവരുന്നു. സോഫ്റ്റ്വെയർ നിർമ്മാണവും അതിന്റെ മെയിന്റനൻസും നിർവ്വഹിക്കുന്നത് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററും നിരത ദ്രവ്യവും ദർഘാസ് തുകയും ഓൺലൈൻവഴി അടയ്ക്കാനുള്ള ഇ-പേയ്മെന്റ് സംവിധാനവും ലഭ്യമാക്കുന്നതും അതിന്റെ മെയിന്റനൻസ് നിർവ്വഹിക്കുന്നതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറുമാണ്.

LIBRARY ARCHIVES Kerala Legislative Assembly